COPYRIGHT MATHRUBHUMI 2024 -hari@mpp.co.in -hari@mpp.co.in -

രാഹുലിന്റേത് നാടകമെന്ന് ബി.ജെ.പി.

ന്യൂഡൽഹി ▸ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയുടെ നേതൃത്വത്തിൽ സുപ്രീം കോടതിയിലേക്ക് നടത്തിയ പ്രതിഷേധമാർച്ച് നാടകമാണെന്ന് ബി.ജെ.പി.


തങ്ങളുടെ തോൽവികൾക്ക് തിരഞ്ഞെടുപ്പു കമ്മിഷനെ കുറ്റപ്പെടുത്തുകയാണ് കോൺഗ്രസ്. കാഴ്ചപ്പാടോ ദീർഘവീക്ഷണമോ ഇല്ലാത്ത കോൺഗ്രസിന്റെ നേതൃത്വമാണ് ആ പാർട്ടിയുടെ പതനത്തിനു കാരണമെന്ന് ബി.ജെ.പി. ആരോപിച്ചു.

തെരുവുകളിൽ അരാജകത്വം സൃഷ്ടിക്കാൻ കലാപകാരികളുടെ കൂട്ടം നടത്തുന്ന ശ്രമമാണ് ഇപ്പോൾ നടക്കുന്നതെന്ന് ബി.ജെ.പി. ദേശീയ ആസ്ഥാനത്ത് നടത്തിയ പത്രസമ്മേളനത്തിൽ മുതിർന്ന ബി.ജെ.പി. നേതാവും കേന്ദ്രമന്ത്രിയുമായ ശിവരാജ് സിങ് ചൗഹാൻ കുറ്റപ്പെടുത്തി.

സഹകരണസംഘങ്ങളിലെ ഫയൽനീക്കത്തിന് ഇ-ഓഫീസ് സംവിധാനം ആലോചനയിൽ

കെ. ഷാജി
ഹരിപ്പാട്

▸ സഹകരണസംഘങ്ങളിൽ ഡിജിറ്റൽ ഫയൽ നീക്കത്തിനായി ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്താൻ ആലോചന. ഇതേപ്പറ്റി പഠിച്ച് നടപടിയെടുക്കാൻ വകുപ്പുമന്ത്രി എം. ലിജു സഹകരണ രജിസ്ട്രാറെ ചുമതലപ്പെടുത്തി.



സഹകരണവകുപ്പുൾപ്പെടെയുള്ള സർക്കാർ വകുപ്പുകളിൽ ഇ-ഓഫീസ് സംവിധാനം നിലവിലുണ്ട്. വകുപ്പിന്റെ ഇ-ഓഫീസുമായി സംഘങ്ങളെയും കൂട്ടിയിണക്കും. ഇതുമായി ബന്ധപ്പെട്ട് ഇ-ഓഫീസിന്റെ മേൽനോട്ടംവഹിക്കുന്ന ഐ.ടി. മിഷനുമായി വകുപ്പധികൃതർ ആശയവിനിമയം തുടങ്ങി.

സഹകരണവകുപ്പിന്റെ ഓഫീസുകളിൽനിന്നുള്ള അനുമതിയോടെമാത്രമേ സംഘങ്ങൾക്കു ദൈനംദിന പ്രവർത്തനം നടത്താനാകൂ. വിവിധ ആവശ്യങ്ങളുമായി ബന്ധപ്പെട്ട് പലതരത്തിലെ അപേക്ഷകളും റിപ്പോർട്ടുകളുമാണ് സംഘങ്ങളിൽനിന്ന് ഈ ഓഫീസുകളിലേക്ക് അയക്കേണ്ടത്. പലപ്പോഴും ബന്ധപ്പെട്ട ഓഫീസുകളിൽനിന്നു യഥാസമയം മറുപടി ലഭിക്കില്ല. രാഷ്ട്രീയ, ഉദ്യോഗസ്ഥ ഇടപെടലുകളിൽ ചില ഫയലുകൾ പൂഴ്ത്തിവെക്കപ്പെടാറുമുണ്ട്. ഇതെല്ലാം സംഘങ്ങളുടെ പ്രവർത്തനത്തെ ബാധിക്കുന്നതു പതിവാണ്.

ഇ-ഓഫീസ് സംവിധാനം വരുന്നതോടെ ഫയൽനീക്കം സുതാര്യമാകും. അപേക്ഷകളും റിപ്പോർട്ടുകളും സഹകരണവകുപ്പിന്റെ ഓഫീസിൽ ആരാണ് കൈകാര്യം ചെയ്യുന്നതെന്നുൾപ്പെടെ സംഘങ്ങൾക്കു മനസ്സിലാക്കാൻ കഴിയും. റിപ്പോർട്ടുകളിലെ അപാകം പരിഹരിക്കുന്നതിലെ കാലതാമസവുമൊഴിവാക്കാം.

സംഘങ്ങളിൽ ലഭിക്കുന്ന അപേക്ഷകളും ഇ-ഓഫീസ് വഴി കൈകാര്യംചെയ്യുന്നത് സംഘങ്ങൾക്കും സഹകാരികൾക്കും ഒരുപോലെ പ്രയോജനപ്പെടും. വായ്പയ്ക്കും മറ്റുമായി ലഭിക്കുന്ന അപേക്ഷകളിൽ നടപടിയെടുക്കുന്നതിലെ കാലതാമസമൊഴിവാക്കാനും കഴിയും.

സർക്കാരിനെ സമീപിച്ചത് സഹകാരികളുടെ കൂട്ടായ്മ

▸ സഹകരണസംഘങ്ങളിൽ ഇ-ഓഫീസ് സംവിധാനം വേണമെന്നാവശ്യപ്പെട്ട് മന്ത്രി എം. ലിജുവിനെ സമീപിച്ചത് സഹകാരികളുടെ കൂട്ടായ്മയായ സഹകരണവീക്ഷണമാണ്. ഫയൽനീക്കം ഡിജിറ്റലാക്കുന്നതോടെ സഹകരണമേഖലയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാകുമെന്നു ചൂണ്ടിക്കാട്ടിയാണ് ഇവർ നിവേദനം നൽകിയത്.

കെ.ജി.എം.സി.ടി.എ. സംസ്ഥാന സമ്മേളനം ഇന്ന് ആലപ്പുഴയിൽ തുടങ്ങും

മന്ത്രി കെ. മുരളീധരൻ ഉദ്ഘാടനം ചെയ്യും

ആലപ്പുഴ ▸ കേരള ഗവ. മെഡിക്കൽ കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ സംസ്ഥാന സമ്മേളനം ചൊവ്വാഴ്ച വണ്ടാനം ടി.ഡി. മെഡിക്കൽ കോളേജിൽ നടക്കും. സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് കോൺഫറൻസ് ഹാളിൽ 11-നു മന്ത്രി കെ. മുരളീധരൻ ഉദ്ഘാടനം ചെയ്യും.

മെഡിക്കൽ കോളേജുകളിലെ മികച്ച ഡോക്ടർമാർക്കുള്ള അവാർഡും മന്ത്രി സമ്മാനിക്കും. ഡോ. നിർമൽ ഭാസ്കർ (തൃശ്ശൂർ), ഡോ. എം. സദറുദ്ദീൻ അഹമ്മദ് (കോട്ടയം), ഡോ. സി.കെ. ഇന്ദിര (എറണാകുളം), ഡോ. എൻ.ആർ. സജികുമാർ (തിരുവനന്തപുരം), ഡോ. പി. അബ്ദുൾ സലാം (മഞ്ചേരി), ഡോ. അഞ്ജുമറിയം ജേക്കബ് (തിരുവനന്തപുരം), ഡോ. സി.പി. കരുൺദാസ്, ഡോ. റെന്നി ഐസക് (തൃശ്ശൂർ) എന്നിവർക്കാണു പുരസ്കാരം.

സർക്കാർ മെഡിക്കൽ കോളേജുകളിലെ അധ്യാപകക്ഷാമം, സീനിയർ റെസിഡെന്റ് തസ്തികകളുടെ കുറവ്, മറ്റു ജീവനക്കാരുടെ അപര്യാപ്തത, പി.എസ്.സി. നിയമനത്തിലെ കാലതാമസം എന്നിവ പരിഹരിക്കുന്നതിന് ഇടപെടലുണ്ടാകുമെന്നു നേതാക്കൾ പത്രസമ്മേളനത്തിലറിയിച്ചു.

മെഡിക്കൽ കോളേജുകളെ റഫറൽ സംവിധാനത്തിലേക്കുയർത്തുന്നതിനും ശ്രമിക്കും.

കെ.ജി.എം.സി.ടി.എ. സംസ്ഥാന പ്രസിഡന്റ് ഡോ. പി.എസ്. ഷാജഹാൻ, ജനറൽ സെക്രട്ടറി ഡോ. സജിത് വിളമ്പിൽ, ആലപ്പുഴ യൂണിറ്റ് പ്രസിഡന്റ് ഡോ. കെ.എം. ബിന്ദു തുടങ്ങിയവർ പങ്കെടുത്തു.

സി.പി.ഐ. വിശ്വാസ്യത ഉയർത്തിപ്പിടിക്കുന്ന പാർട്ടി -വി.എം. സുധീരൻ

ആലപ്പുഴ ▸ വിശ്വാസ്യതയാണ് രാഷ്ട്രീയപ്രസ്ഥാനത്തെയും ജനങ്ങളെയും കൂടുതൽ അടുപ്പിക്കുന്നതെന്നും ഇത് സി.പി.ഐ.ക്കുണ്ടെന്നും കോൺഗ്രസ് നേതാവ് വി.എം. സുധീരൻ. സി.പി.ഐ. നേതാവായിരുന്ന എ. ശിവരാജന്റെ പേരിൽ കുടുംബ ട്രസ്റ്റ് ഏർപ്പെടുത്തിയ പുരസ്കാരം ഏറ്റുവാങ്ങുകയായിരുന്നു അദ്ദേഹം.

1977-ലെ ലോക്സഭാ തിരഞ്ഞെടുപ്പിൽ സി.പി.ഐ. പിന്തുണയോടെ മത്സരിച്ചത് ജീവിതത്തിലൊരിക്കലും മറക്കാനാകാത്ത അനുഭവമാണ്. സ്ഥാനാർഥിയായി ഒരുങ്ങിനിന്നാൽ മാത്രം മതിയായിരുന്നു. എല്ലാ കാര്യങ്ങളും സി.പി.ഐ. നേതാക്കൾ കൃത്യതയോടെ ചെയ്യുമായിരുന്നു. എം.പി.യായപ്പോൾ തീരദേശ റെയിൽപ്പാത യാഥാർഥ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കു തുടക്കമിട്ടു. കരിമണൽ ഖനനത്തിനെതിരേ നിലപാടെടുത്തപ്പോഴും സി.പി.ഐ. ഒപ്പം നിന്നു. നിലപാടുകളിൽ മാറ്റംവരുത്താത്ത പാർട്ടിയാണ് സി.പി.ഐ. -അദ്ദേഹം പറഞ്ഞു. വി.എം. സുധീരൻ തനിക്കേറെ പ്രിയപ്പെട്ട നേതാവാണെന്ന് അവാർഡു സമ്മാനിച്ച് സി.പി.ഐ. സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം പറഞ്ഞു. ശിവരാജന്റെ സഹോദരൻ എ. ശിവപാലനെയും അനുസ്മരിച്ചു.

ലോക്കൽ കമ്മിറ്റി സെക്രട്ടറി എ. ബാബു അധ്യക്ഷനായി. സി.പി.ഐ. ജില്ല സെക്രട്ടറി എസ്. സോളമൻ, ജി. കൃഷ്ണപ്രസാദ്, ദീപ്തി അജയകുമാർ, പി.വി. സത്യനേശൻ, ആർ. ജയസിംഹൻ, സജിത് എന്നിവർ പ്രസംഗിച്ചു.



▸ സി.പി.ഐ. നേതാവായിരുന്ന എ. ശിവരാജന്റെ പേരിൽ കുടുംബ ട്രസ്റ്റ് ഏർപ്പെടുത്തിയ പുരസ്കാരം നൽകാനായെത്തിയ സി.പി.ഐ. സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം അവാർഡു ജേതാവായ കോൺഗ്രസ് നേതാവ് വി.എം. സുധീരനെ വേദിയിൽ കെട്ടിപ്പിടിച്ചപ്പോൾ | ഫോട്ടോ: പി. പ്രണവ്

മറവിരോഗം മറികടക്കാൻ കൈത്താങ്ങായി 'ഓർമ്മക്കൂട്ട്'

കെ.പി. ജയകുമാർ
ചേർത്തല

▸ മറവിരോഗമുള്ളവർക്കും ലക്ഷണമുള്ളവർക്കും ആശ്വാസംപകർന്ന് ചേർത്തലയിലെ 'ഓർമ്മക്കൂട്ട്' പദ്ധതി. ലോകശ്രദ്ധ നേടിയ പദ്ധതിയിപ്പോൾ സംസ്ഥാന ആരോഗ്യവകുപ്പിന്റെ പരിഗണനയിലുമെത്തി. ഇതെല്ലായിടത്തും നടപ്പാക്കുന്നതു സംബന്ധിച്ച വിശദ റിപ്പോർട്ട് വകുപ്പിനു നൽകിയിട്ടുണ്ട്. ചേർത്തല നഗരസഭയും ഗവ. ഹോമിയോ ആശുപത്രിയും ചേർന്നാണ് പദ്ധതി നടപ്പാക്കുന്നത്.

ഹോമിയോ മരുന്നിനൊപ്പം മാനസികപിന്തുണയും നൽകി മറവിരോഗത്തെ മറികടക്കുകയാണ് ലക്ഷ്യം. സംഗീതവും കരകൗശല വസ്തുക്കളുടെ നിർമാണവും ഉൾപ്പെടുത്തി പ്രത്യേക പരിശീലനവുമുണ്ട്. ചേർത്തലയിൽ 152 പേർ ഓർമ്മക്കൂട്ടിന്റെ സേവനമേറ്റുവാങ്ങുന്നു.

ഏതാനും മാസം മുൻപ് ദുബായിൽ നടന്ന അന്താരാഷ്ട്ര ആയുഷ് കോൺഫറൻസിൽ പദ്ധതി കൈയടി നേടിയിരുന്നു. 60 രാജ്യങ്ങളിൽനിന്നുള്ള പ്രബന്ധങ്ങളിൽ ഏറ്റവും മികച്ചതായി തിരഞ്ഞെടുത്തത് 'ഓർമ്മക്കൂട്ട്' പദ്ധതിയുമായി ബന്ധപ്പെട്ട പ്രബന്ധമാണ്. മറവിരോഗപ്രതിരോധവും ചികിത്സയും പരിചരണവും ഹോമിയോപ്പതിയിലൂടെ നടപ്പാക്കുന്നതു സംബന്ധിച്ചായിരുന്നു പ്രബന്ധം. പല രാജ്യങ്ങളിലും പദ്ധതി നടപ്പാക്കിത്തുടങ്ങി.

ഒരുവർഷം മുൻപ് ഹോമിയോ ആശുപത്രിയുടെ നേതൃത്വത്തിൽ മറവിരോഗവുമായി ബന്ധപ്പെട്ട് നഗരത്തിൽ നടത്തിയ സർവേയിൽനിന്നാണ് പദ്ധതിയുടെ തുടക്കം. 50 വയസ്സിനു മുകളിലുള്ള 4,000 പേർക്കിടയിലായിരുന്നു സർവേ. 23 ശതമാനം പേർക്ക് മറവിരോഗമുള്ളതായും 68 ശതമാനത്തിന് രോഗസാധ്യതയുണ്ടെന്നും കണ്ടെത്തി. തുടർന്ന്, വാർഡുതലത്തിൽ രോഗം മറികടക്കാനുള്ള ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിച്ചു. ചികിത്സയും നൽകിത്തുടങ്ങി.

ഇവർക്കും ഇവരെ പരിചരിക്കുന്നവർക്കുമായി പരിശീലന പരിപാടികളും സംഘടിപ്പിച്ചു. കരകൗശല വസ്തുക്കളുടെ നിർമാണം, വിവിധ പസിൽ മത്സരങ്ങൾ തുടങ്ങിയവയും ഉൾപ്പെടുത്തി. പാട്ടിന്റെയും സംഗീതത്തിന്റെയും പശ്ചാത്തലത്തിൽ നൃത്തച്ചുവടുകളോടെ ബ്രെയിൻ ജിം വ്യായാമവും ഉണ്ട്.

പരിശീലനത്തിനായി 15 ദിവസത്തെ വ്യായാമമുറകൾ വിശദീകരിക്കുന്ന രണ്ടു കൈപ്പുസ്തകങ്ങളും തയ്യാറാക്കി. ഇപ്പോൾ നിരീക്ഷണത്തിലുള്ളവരെല്ലാം വലിയ സന്തോഷത്തിലാണെന്ന് പദ്ധതിയുടെ കോഡിനേറ്ററും മെഡിക്കൽ ഓഫീസറുമായ ഡോ. സി.എസ്. റിഫ്ന പറഞ്ഞു.

പദ്ധതി നടപ്പാക്കണമെന്നാവശ്യപ്പെട്ട് പല വയോജന ഗ്രൂപ്പുകളും പെൻഷൻ സംഘടനകളുമൊക്കെ ഹോമിയോ ആശുപത്രിയെ സമീപിച്ചിട്ടുമുണ്ട്. പി. പ്രസാദ് എം.എൽ.എ.യുടെ പിന്തുണയും പദ്ധതിക്കുണ്ട്.

പശ്ചിമേഷ്യൻ രാജ്യങ്ങളിലെ സി.ബി.എസ്.ഇ. പന്ത്രണ്ടാംക്ലാസ് പരീക്ഷ 23 മുതൽ 28 വരെ

ന്യൂഡൽഹി ▸ യുദ്ധസാഹചര്യത്തിൽ മാറ്റിവെച്ച പശ്ചിമേഷ്യൻ രാജ്യങ്ങളിലെ സി.ബി.എസ്.ഇ. പന്ത്രണ്ടാംക്ലാസ് പ്രത്യേക പരീക്ഷ ഒക്ടോബർ 23 മുതൽ 28 വരെ നടത്തുമെന്ന് സി.ബി.എസ്.ഇ. അറിയിച്ചു. പ്രത്യേക മൂല്യനിർണയ രീതിയിലൂടെ പ്രസിദ്ധീകരിച്ച ഫലത്തിൽ അതൃപ്തരായ വിദ്യാർഥികൾക്കാണ് വീണ്ടും പരീക്ഷയെഴുതാൻ അവസരം ഒരുക്കുന്നത്. ബഹ്റൈൻ, ഇറാൻ, കുവൈത്ത്, ഒമാൻ, ഖത്തർ, സൗദി അറേബ്യ, യു.എ.ഇ. എന്നീ ഏഴ് രാജ്യങ്ങളിലായി 20 അക്കാദമിക് പേപ്പറുകൾ ഉൾപ്പെടെ 40 വിഷയങ്ങളിലെ പരീക്ഷകളാണ് റദ്ദാക്കിയിരുന്നത്. മാർച്ച് 27-ന് പുറത്തിറക്കിയ പ്രത്യേക മൂല്യനിർണയ മാർഗരേഖയനുസരിച്ച് മേയ് 13-നാണ് ഇവരുടെ ഫലം പ്രഖ്യാപിച്ചത്.

സി.എം.ആർ.എൽ.-എക്സാലോജിക് കേസിൽ എഫ്.ഐ.ആർ.

രാഷ്ട്രീയവഴികളിലെ അഴിമതിക്കേസുകളിൽ പിണറായിയും

തിരുവനന്തപുരം ▸ പിണറായി വിജയനെതിരേ എഫ്.ഐ.ആർ. രജിസ്റ്റർചെയ്യതോടെ, അഴിമതിക്കേസുകളിൽ പ്രതിയാകുന്ന മറ്റൊരു നേതാവുകൂടിയായി. മുഖ്യമന്ത്രിയായിരിക്കുമ്പോൾ അധികാരം ദുർവിനിയോഗം ചെയ്തെന്നാണ് കേസ്. പ്രതിപക്ഷ നേതാവായിരിക്കുമ്പോൾ കേസിൽ പ്രതിയാകുന്ന ആദ്യത്തെ നേതാവുംകൂടിയാണ് അദ്ദേഹം.

മുൻ മുഖ്യമന്ത്രിമാരായിരുന്ന കെ. കരുണാകരൻ, ഉമ്മൻചാണ്ടി, മന്ത്രിമാരായിരുന്ന കെ.എം. മാണി, കെ. ബാബു, കെ.പി. വിശ്വനാഥൻ, ആർ. ബാലകൃഷ്ണപിള്ള, ടി.യു. കുരുവിള, തോമസ് ചാണ്ടി തുടങ്ങിയവരാണ് അഴിമതി, സാമ്പത്തിക കേസുകളിൽ കുടുങ്ങിയവർ. ആർ. ബാലകൃഷ്ണപിള്ളയാണ് അഴിമതിക്കേസിൽ ശിക്ഷിക്കപ്പെട്ട് ജയിൽവാസം അനുഭവിച്ച ഏക മുൻമന്ത്രി.

പാമോലിൻ അഴിമതിക്കേസിൽ 2011-ൽ വിജിലൻസ് കോടതി അന്ന് മുഖ്യമന്ത്രിയും ആഭ്യന്തരമന്ത്രിയുമായിരുന്ന ഉമ്മൻചാണ്ടിക്കെതിരേ അന്വേഷണത്തിന് ഉത്തരവിട്ടു. തുടർന്ന് ഉമ്മൻചാണ്ടി ആദ്യം വിജിലൻസ് വകുപ്പും പിന്നീട് ആഭ്യന്തരവും ഉപേക്ഷിച്ചു. 2015-ൽ ബാർകോഴക്കേസിൽ ഹൈക്കോടതിയുടെ പ്രതികൂല പരാമർശങ്ങളെത്തുടർന്ന് ധനമന്ത്രിയായിരുന്ന കെ.എം. മാണി രാജിവെച്ചു. 2016-ൽ ഇതേ കേസിൽ പ്രഥമാന്വേഷണ റിപ്പോർട്ട് തയ്യാറാക്കി അന്വേഷണം നടത്തണമെന്ന വിജിലൻസ് കോടതി ഉത്തരവിനെത്തുടർന്ന് എക്സൈസ് വകുപ്പുമന്ത്രിയായിരുന്ന കെ. ബാബു രാജിവെച്ചു. 2017-ൽ കായൽക്കൈയേറ്റ ആരോപണത്തിൽ ഗതാഗതമന്ത്രിയായിരുന്ന തോമസ് ചാണ്ടിയും രാജിവെച്ചു.

1995-ൽ ഇടമലയാർ കേസിൽ കുറ്റക്കാരനാണെന്ന കോടതി പരാമർശത്തിലാണ് മന്ത്രിയായിരുന്ന ആർ. ബാലകൃഷ്ണപിള്ള രാജിവെച്ചത്. ചന്ദനമാഫിയക്ക് മന്ത്രിയുടെ ഓഫീസുമായി ബന്ധമുണ്ടെന്ന കോടതിപരാമർശത്തെത്തുടർന്ന് 2005-ൽ മന്ത്രി കെ.പി. വിശ്വനാഥൻ സ്ഥാനം രാജിവെച്ചു.

2006-ൽ ഭൂമി ഇടപാട് വിവാദത്തിൽ മന്ത്രി ടി.യു. കുരുവിള രാജിവെച്ചു. എൻ.ആർ.ഐ. വ്യവസായിയായിരുന്ന കെ.ജി. എബ്രഹാമിന് മൂന്നാറിൽ 52 ഏക്കർ ഭൂമി നൽകുന്നതുമായി ബന്ധപ്പെട്ട സംഭവമാണ് രാജിക്കു കാരണമായത്.

1977-ൽ അടിയന്തരാവസ്ഥാകാലത്തെ രാജൻ കേസിലെ പരാമർശമാണ് മുഖ്യമന്ത്രിയായിരുന്ന കെ. കരുണാകരന്റെ രാജിയിലേക്കു നയിച്ചത്. പിണറായിസർക്കാരിൽ മന്ത്രിമാരായിരുന്ന ഇ.പി. ജയരാജനും കെ.ടി. ജലീലും ബന്ധുനിയമന ആരോപണത്തിൽ രാജിവെച്ചിരുന്നു.

ജപ്തിക്കെത്തിയ അഭിഭാഷക കമ്മിഷണറെ തടഞ്ഞ സംഭവം: എം.എൽ.എ.ക്കെതിരേ കേസെടുക്കണമെന്ന് കോടതി

മഞ്ചേരി ▸ ബാങ്ക് വായ്പാ തിരിച്ചടവ് മുടങ്ങിയതിനെത്തുടർന്ന് വീട് ജപ്തിചെയ്യാനെത്തിയ അഭിഭാഷക കമ്മിഷണറെ ഭീഷണിപ്പെടുത്തുകയും കൃത്യനിർവഹണം തടസ്സപ്പെടുത്തുകയും ചെയ്തെന്ന പരാതിയിൽ നജീബ് കാന്തപുരം എം.എൽ.എ.ക്കെതിരേ എഫ്.ഐ.ആർ. രജിസ്റ്റർചെയ്ത് അന്വേഷണം നടത്തണമെന്ന് കോടതി. അഭിഭാഷക കമ്മിഷണർ കെ.പി. കൃഷ്ണകുമാരിന്റെ പരാതിയിൽ മഞ്ചേരി ചീഫ് ജുഡീഷ്യൽ മജിസ്ട്രേട്ട് സരിത രവീന്ദ്രനാണ് എം.എൽ.എ.ക്കെതിരേ കേസെടുത്ത് അന്വേഷിക്കാൻ മേലാറ്റൂർ എസ്.എച്ച്.ഒ.യ്ക്ക് നിർദേശം നൽകിയത്.

പെരിന്തൽമണ്ണ വേങ്ങൂരിലെ ഒരു വീട്ടിൽ കോടതി ഉത്തരവുപ്രകാരം ജപ്തിനടപടിക്കെത്തിയപ്പോൾ എം.എൽ.എ. മോശമായി പെരുമാറുകയും കൃത്യനിർവഹണം തടസ്സപ്പെടുത്തി തിരിച്ചയക്കുകയും ചെയ്യതായി അഭിഭാഷക കമ്മിഷണർ കോടതിയിൽ പരാതി നൽകിയിരുന്നു. ഇതുസംബന്ധിച്ച് കോടതി മേലാറ്റൂർ പോലീസിനോട് വിശദീകരണം തേടുകയുംചെയ്തു.

വീട് ജപ്തിചെയ്താൽ ആത്മഹത്യ ചെയ്യുമെന്ന് കുടുംബം അറിയിച്ചപ്പോൾ പെട്ടെന്നുണ്ടായ വികാരപ്രകടനമാണ് എം.എൽ.എ.യുടെ ഭാഗത്തുനിന്നുണ്ടായതെന്നാണ് മേലാറ്റൂർ എസ്.എച്ച്.ഒ. കോടതിയിൽ സമർപ്പിച്ച റിപ്പോർട്ടിൽ വിശദീകരിച്ചത്. എം.എൽ.എ.ക്കെതിരേ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് നിയമപരമായി അന്വേഷണം നടത്തിയതിനെക്കുറിച്ചുള്ള വിവരങ്ങളൊന്നും റിപ്പോർട്ടിൽ ഉണ്ടായിരുന്നില്ല.

ദർഘാസ് നോട്ടീസ്

കേരളാ സ്റ്റേറ്റ് കയർ കോർപ്പറേഷൻ അടൂർ ഡിവിഷനിലേക്ക് പിവിസി മാറ്റ് പ്രൊഡക്ഷന് ആവശ്യമായ വിവിധ തരത്തിലുള്ള ഉൽപ്പന്നങ്ങൾ വിതരണം ചെയ്യുന്നതിനും വിവിധ വർക്കുകൾക്കും ദർഘാസുകൾ ക്ഷണിക്കുന്നു. വിശദവിവരങ്ങൾക്ക് www.coircraft.com സന്ദർശിക്കുക.

(ഒപ്പ്) മാനേജിംഗ് ഡയറക്ടർ

കള്ളപ്പണം വെളുപ്പിക്കാൻ വീണ ബിനാമി ഷെൽ കമ്പനിയുണ്ടാക്കി

തിരുവനന്തപുരം ▸ പിണറായി വിജയന്റെ മകൾ ടി. വീണ അനധികൃതമായി സമ്പാദിച്ച പണം വെളുപ്പിക്കാനായി ദുബായിൽ ഷെൽ കമ്പനിയുണ്ടാക്കിയെന്ന് വിജിലൻസ് എഫ്.ഐ.ആറിൽ ആരോപണം. ഇതിനായി 2024-ൽ വീണ നാലുതവണ ദുബായിലേക്ക് പോയി. ആറാം പ്രതി ഫൈജാസിനെ മുൻനിർത്തിയാണ് കമ്പനിയുണ്ടാക്കാൻ ശ്രമിച്ചതെന്നും ഇതിനായി മുഹമ്മദ് റിയാസും ദുബായിൽ പോയിരുന്നതായും പറയുന്നു.

വീണയുടെ ഡയറിയിൽ ഫൈജാസിന് വലിയ തുകകൾ കൈമാറിയ വിവരങ്ങളുണ്ട്. 2,82,600 ദിർഹം നിക്ഷേപിച്ചതായും 1,46,600 ദിർഹം ഫൈജാസിന് അയച്ചതായും നാട്ടിൽനിന്ന് 85 ലക്ഷം രൂപ അയച്ചതായും കാണിക്കുന്നുണ്ട്.

വീണയുടെ വീട്ടിൽനിന്ന് ഇ.ഡി. പിടിച്ചെടുത്ത കൈയെഴുത്തു കുറിപ്പുകളിൽ, റിയാസിന് വേണ്ടി എഴുതി സൂക്ഷിച്ച കണക്കുകളാണുള്ളതെന്നും പറയുന്നു. റിയാസിന്റെ സുഹൃത്തുക്കളായ ഷൈജൽ, പി. നിഖിൽ, ഹസ്സൻ വാരീഷ് എന്നിവരുടെ പേരുകൾക്ക് നേരേയും പണം കൈമാറിയതിന്റെ കണക്കുകൾ രേഖപ്പെടുത്തിയിരുന്നു. ദുബായ് ആസ്ഥാനമായുള്ള വസ്ത്ര കയറ്റുമതി ബിസിനസുമായി ബന്ധപ്പെട്ട ചർച്ചകളും കണ്ടെത്തിയിട്ടുണ്ടെന്നും എഫ്.ഐ.ആറിൽ പറയുന്നു.

കുടുംബശ്രീ കമ്മ്യൂണിറ്റി ഡവലപ്മെന്റ് സൊസൈറ്റി
ചെറുതന ഗ്രാമപഞ്ചായത്ത്, രജി.നമ്പർ: എ-546/02,
ഫോൺ: 0479-2413278, ഇ-മെയിൽ: cdscheruthana@gmail.com
നമ്പർ: CH-06/26 തീയതി: 12-10-2026
പുനർദർഘാസ് പരസ്യം

ചെറുതന ഗ്രാമപഞ്ചായത്ത് സി.ഡിഎസ്സിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഇന്റർ ഗ്രേറ്റഡ് ഫാമിംങ് ക്ലസ്റ്ററിന് ആവശ്യമായ മെഷിനറികൾ സൈറ്റിൽ സപ്ലൈ ചെയ്ത് സ്ഥാപിച്ചു നൽകുന്നതിന് താൽപര്യമുള്ള അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിക്കുന്നു. ദർഘാസുകളുടെ വിവരങ്ങൾ https: //tender.lsgkerala.gov.in, Window No: G284659/2026 എന്ന വിൻഡോയിൽ ലഭ്യമാണ്.

(ഒപ്പ്) ചെയർപേഴ്സൺ/മെമ്പർ സെക്രട്ടറി, ചെറുതന കുടുംബശ്രീ സി.ഡി.എസ്.

കുഴിബോംബ് സ്ഫോടനം: ലഷ്കർ കമാൻഡർ ഉൾപ്പെടെ നാല് പാക് ഭീകരർ കൊല്ലപ്പെട്ടു

ശ്രീനഗർ ▸ ജമ്മു-കശ്മീരിലെ പൂഞ്ച് ജില്ലയിൽ നിയന്ത്രണ രേഖ വഴി ഇന്ത്യയിലേക്ക് നുഴഞ്ഞുകയറാൻ ശ്രമിച്ച നാല് പാകിസ്താൻ ഭീകരർ കുഴിബോംബ് സ്ഫോടനത്തിൽ കൊല്ലപ്പെട്ടു. കൊല്ലപ്പെട്ടവരിൽ നിരോധിത ഭീകരസംഘടനയായ ലഷ്കർ-ഇ-തൊയ്ബയുടെ ഉന്നത കമാൻഡറും ഉൾപ്പെട്ടിട്ടുണ്ട്. ലഷ്കർ കമാൻഡർ മുഹമ്മദ് ഫൈസാൻ, മദർപുർ സ്വദേശികളായ മുഹമ്മദ് ഇഷ്തിയാഖ്, മുഹമ്മദ് വഖാസ്, മുഹമ്മദ് അസിം എന്നിവരാണ് കൊല്ലപ്പെട്ടത്. കൃഷ്ണ ഘാട്ടി (കെ.ജി) സെക്ടറിലെ സത്വാൽ-നകി മേഖലയിലാണ് സംഭവം.

തുലാവർഷം രണ്ടു ദിവസത്തിനകം; വ്യാഴാഴ്ച മുതൽ കനത്തമഴയ്ക്ക് സാധ്യത

തിരുവനന്തപുരം ▸ വടക്കുകിഴക്കൻ കാലവർഷം അഥവാ തുലാവർഷം രണ്ടു ദിവസത്തിനകം എത്തുമെന്ന് കാലാവസ്ഥാ വകുപ്പ്. കേരളത്തിൽ 15 മുതൽ 18 വരെ കനത്തമഴ പ്രതീക്ഷിക്കുന്നുണ്ട്.

മഞ്ഞ മുന്നറിയിപ്പ്: 15-ന് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി. 16-ന് ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട്. തെക്കുപടിഞ്ഞാറൻ കാലവർഷം രണ്ടു ദിവസത്തിനകം രാജ്യത്തുനിന്ന് പൂർണമായി പിൻമാറും. ഇതേത്തുടർന്ന് തുലാവർഷമെത്തും.

മാതൃഭൂമി
mathrubhumi.com
Click and you shall find

വാർധക്യം ഇനി പിടിച്ചുനിർത്താനാകുമോ? ദീർഘായുസ്സിനെക്കുറിച്ച് AI പഠിപ്പിക്കുന്നത് എന്താണ്?
വായിക്കാം mathrubhumi.com പ്രീമിയത്തിൽ
PREMIUM Available for

വീട്ടിലിരുന്നും പരസ്യം നൽകാം
മാതൃഭൂമി യഥാർത്ഥ പത്രത്തിന്റെ ശക്തി


മാതൃഭൂമിയിൽ ചരമം, വിവാഹം, വിവാഹവുമായി ബന്ധപ്പെട്ട അറിയിപ്പുകൾ, ജന്മദിനം തുടങ്ങിയ പേഴ്സണൽ പരസ്യങ്ങളും ക്ലാസിഫൈഡ് പരസ്യങ്ങളും നൽകുന്നതിന് വിളിക്കുക.
9895033003, 8594006363
വിളിക്കേണ്ട സമയം : 9.30 am മുതൽ 5 pm വരെ
ലോകത്തെവിടെയാണെങ്കിലും ഓൺലൈനായി മാതൃഭൂമി ക്ലാസിഫൈഡ് പരസ്യങ്ങൾ നൽകാൻ സന്ദർശിക്കുക:
bookmyad.mathrubhumi.com
മാതൃഭൂമി Classifieds bookmyad
വാട്സാപ്പ് മുഖേനയും പരസ്യങ്ങൾ സ്വീകരിക്കുന്നതാണ്

ആനവംശം അന്ത്യത്തിലേക്കോ?
പലതരം കാരണങ്ങളാൽ ആനകളുടെ എണ്ണം ഗണ്യമായി കുറയുകയാണ്. സംരക്ഷിക്കാനുള്ള ശ്രമങ്ങൾ ഫലം കാണുന്നില്ല. ആനവംശത്തിന്റെ അതിജീവന പ്രശ്നങ്ങൾ അന്വേഷിക്കുന്നു **ജോഷിൽ**

ആറളം അതിജീവിക്കാൻ എന്തുചെയ്യണം?
രാജ്യത്തെ ഏറ്റവും വലിയ ആദിവാസി പുനരധിവാസ പദ്ധതികളിലൊന്നായ ആറളം ഇന്ന് പ്രതിസന്ധിയിലാണ്. ലോകോത്തരമായിരുന്ന ആറളം ഫാം നാശോൻമുഖമാവുന്നു. ആറളത്തെ കേരളം ശ്രദ്ധിക്കണമെന്നാവശ്യപ്പെടുന്നു **ഡോ. കെ.പി. നിതീഷ്കുമാർ**

ജന്മ ശതാബ്ദിയിൽ അക്കിത്തത്തെ ഓർമിക്കുന്നു
ആത്മാരാമനും പദ്മദാസും

കഥകൾ
വിനു ഏബ്രഹാം
ഷനോജ് ആർ. ചന്ദ്രൻ



ചിഹ്നങ്ങളുടെ ചരിത്രവും രാഷ്ട്രീയവും
കുത്തും കോമയും എല്ലാം ചേർന്ന ചിഹ്നങ്ങൾ ഭാഷയിൽ നിർവഹിച്ച രാഷ്ട്രീയ ദൗത്യം വിശദീകരിക്കുന്നു **ജെ. പ്രഭാഷ്**

കമലാലക്ഷ്മണം
ആർ. രാജശ്രീയുടെ നോവൽ തുടരുന്നു

ഇപ്പോൾ വില്പനയിൽ വില: ₹40
മാതൃഭൂമി ആഴ്ചപ്പതിപ്പ്
ആഴത്തിലുള്ള വായന ആഴ്ചതോറും
വരിക്കാരാകാൻ വിളിക്കൂ: 0484 2882201 (10 am to 5 pm) ഞായർ, അവധി ദിവസങ്ങൾ ഒഴികെ

बैंक ऑफ़ बड़ौदा Bank of Baroda
ബാങ്ക് ഓഫ് ബറോഡ
എ. എം. റോഡ് ശാഖ, പെരുമ്പാവൂർ
ഡ്രീം ടവർ, ആശ്രമം സ്കൂളിന് സമീപം, എ. എം. റോഡ്, പെരുമ്പാവൂർ – 683542,
Ph: 0484-259558,+91 9446899423 Email: vjperu@bankofbaroda.com

സ്ഥാവര വസ്തുവിനെ സംബന്ധിച്ച ലേല വിൽപന നോട്ടീസ്
സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 & സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് 2002 ലെ റൂൾ 6(2) & 8(6) പ്രകാരമുള്ള സ്ഥാവര വസ്തുക്കളുടെ ഇ – ലേല വിൽപന നോട്ടീസ്

വായ്പക്കാർ/പണയക്കാർ/ജാമ്യക്കാരിൽ നിന്ന് ബാങ്ക് ഓഫ് ബറോഡയ്ക്ക് ലഭിക്കാനുള്ള കുടിശ്ശിക തുകയും പലിശയും മറ്റ് ചെലവുകളും ഈടാക്കുന്നതിന് വേണ്ടി ബാങ്ക് ഓഫ് ബറോഡയുടെ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ കൈവശമെടുത്തിട്ടുള്ള സ്ഥാവര വസ്തുക്കൾ "As is where is", "As is what is" & "Whatever there is" എന്നതിന്റെ അടിസ്ഥാനത്തിൽ വിൽപന നടത്തുവാൻ തീരുമാനിച്ചിരിക്കുന്ന വിവരം വായ്പക്കാർ/പണയക്കാർ/ജാമ്യക്കാർ/ജനങ്ങളെ പൊതുവായും ഇതിനാൽ അറിയിച്ചുകൊള്ളുന്നു. വായ്പക്കാർ/പണയക്കാർ/ജാമ്യക്കാർ/ഈട് വസ്തു/കുടിശ്ശിക തുക/കരുതൽ വില/ഇ- ലേല തീയതിയും സമയവും നിരതദ്രവ്യം/ലേല വർദ്ധന തുക എന്നിവയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

വായ്പക്കാർ/ജാമ്യക്കാർ/പണയക്കാരുടെ പേരും വിലാസവും: **ശ്രീ. സന്ദീപ് രാജൻ**, നിർമ്മാല്യം നിർമി ഹോംസ്, TC/VP/X1/1086, പ്ലാവോട്, കൊടുങ്ങാനൂർ, തിരുവനന്തപുരം - 695013

കുടിശ്ശിക തുക: 12.10.2026 ലെ രൂപ **2,00,89,521.11** (രണ്ട് കോടി എൺപതി ഒൻപതിനായിരത്തി അഞ്ഞൂറ്റി ഇരുപത്തിയൊന്ന് രൂപ പതിനൊന്ന് പൈസ) യും പലിശയും ലീഗൽ ചാർജുകളും ചെലവുകളും.

സ്ഥാവര വസ്തുവിന്റെ വിശദവിവരണം (ബാദ്ധ്യതയുണ്ടെങ്കിൽ അതുൾപ്പെടെ): ആലപ്പുഴ ജില്ല, കാർത്തികപ്പള്ളി താലൂക്ക്, കായംകുളം വില്ലേജിൽ റീ സർവേ ബ്ലോക്ക് നം. 127, റീ സർവേ നം. 67, 68/1 ൽ പെട്ട ശ്രീ.സന്ദീപ് രാജന്റെ പേരിലുള്ള 10.05 ആർ, (പഴയ സർവേ നം. 46/43, 47/1/2/6, 48/7A & 48/9) സ്ഥലവും സർവ്വവിധ അവകാശങ്ങളും. **അതിരുകൾ: കിഴക്ക്**: മുനിസിപ്പൽ റോഡ്, ലൈബ്രറി വക വസ്തു & തയ്യിൽ മോഹനൻ വക വസ്തു; **തെക്ക്**: മുനിസിപ്പൽ റോഡ് & തോട്; **പടിഞ്ഞാറ്**: രാമചന്ദ്രൻ പിള്ള വക വസ്തു; **വടക്ക്**: ജോയി വില്ല വർഗ്ഗീസ് വക വസ്തു & രാമചന്ദ്രൻ പിള്ള വക വസ്തു.

കരുതൽ വില:	നിരതദ്രവ്യം:	ലേല വർദ്ധന തുക:
രൂപ 3,87,00,000/-	രൂപ 38,70,000/-	രൂപ 1,00,000/-

കൈവശമെടുത്ത രീതി: **പ്രത്യക്ഷമായി**
വസ്തു പരിശോധന തീയതിയും സമയവും:
13-11-2026 ന് രാവിലെ 10.00 മണി മുതൽ വൈകുന്നേരം 5.00 മണി വരെ
ഇ – ലേല വിൽപന തീയതിയും സമയവും:
18-11-2026 ന് ഉച്ചയ്ക്ക് 02:00 മണി മുതൽ വൈകുന്നേരം 6:00 മണി വരെ

ലേല വ്യവസ്ഥകളെയും ഉപാധികളെയും പറ്റി കൂടുതൽ അറിയുന്നതിനായി https://www.bankofbaroda.bank.in/e-auction.htm & ഇ-ലേല പോർട്ടലായ https://baanknet.com വെബ്സൈറ്റ് ലിങ്ക് സന്ദർശിക്കുക. താൽപ്പര്യമുള്ള ലേലാർത്ഥികൾ അധികാരപ്പെട്ട ഉദ്യോഗസ്ഥനെ ഫോൺ: **0484-2624126,** മൊബൈൽ: **9446899823** എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

തീയതി : **12/10/2026**
സ്ഥലം : **പെരുമ്പാവൂർ**
(ഒപ്പ്), ചീഫ് മാനേജർ & അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ, ബാങ്ക് ഓഫ് ബറോഡ.

കേരള സംസ്ഥാന ഭാഗ്യക്കുറി BHAGYATHARA BT-75 DRAW RESULT 12-10-2026

കേരള സംസ്ഥാന ഭാഗ്യക്കുറി

ഒന്നാം സമ്മാനം ₹1 കോടി: **BJ 493924** പട്ടാമ്പി

സമാശ്വാസ സമ്മാനം ₹5000: BA 493924 BB 493924 BC 493924 BD 493924 BE 493924 BF 493924 BG 493924 BH 493924 BK 493924 BL 493924 BM 493924

രണ്ടാം സമ്മാനം ₹30 ലക്ഷം: BG 682042 ഗുരുവായൂർ

മൂന്നാം സമ്മാനം ₹5 ലക്ഷം: BL 647437 കട്ടപ്പന

താഴെ കാണുന്ന നമ്പരുകളിൽ അവസാനിക്കുന്ന ടിക്കറ്റുകൾക്ക്

നാലാം സമ്മാനം ₹5000: 0483 0755 1017 1260 2193 2250 2576 4192 4496 4737 4853 5424 5939 6535 7838 8303 8460 8651 9976

അഞ്ചാം സമ്മാനം ₹2000: 1391 1999 4755 6296 8456 8831

ആറാം സമ്മാനം ₹1000: 1366 1456 1736 2127 2717 3364 3407 3612 3876 3962 4006 5862 5874 6468 6709 6892 6901 6930 7682 7859 7954 9056 9605 9612 9861

ഏഴാം സമ്മാനം ₹500: 0086 0193 0264 0800 0832 0894 0917 1015 1121 1478 1539 1549 1666 1732 1832 1921 1965 2160 2267 2326 2378 2457 2567 2712 2781 2782 2840 3096 3412 3805 4037 4285 4539 4744 4904 4921 5077 5220 5291 5295 5533 5564 5624 5692 5748 5840 5847 5891 5893 5971 5982 6041 6152 6354 7026 7083 7274 7396 7540 7727 7832 7915 7921 8091 8137 8795 8818 8955 9049 9200 9306 9438 9592 9749 9755 9793

എട്ടാം സമ്മാനം ₹200: 0256 0417 0503 0719 0737 0966 1004 1067 1095 1251 1639 1722 1837 2139 2245 2380 2581 2604 2770 2816 2878 3080 3123 3148 3208 3294 3309 3324 3368 3416 3554 3663 4018 4073 4123 4317 4336 4400 4430 4700 4704 4807 4819 4882 4946 5031 5095 5107 5256 5278 5282 5476 5477 5568 5728 5816 5905 6490 6509 6522 6645 6925 6929 7155 7224 7303 7430 7578 7653 7707 7757 7880 7886 8006 8106 8131 8149 8153 8191 8210 8326 8670 8691 8823 8866 9075 9095 9166 9210 9312 9353 9356 9649 9937

ഒൻപതാം സമ്മാനം ₹100: 0017 0254 0397 0726 0782 0973 0994 1100 1298 1418 1422 1466 1600 1622 1665 1679 1709 1827 1890 2045 2148 2163 2306 2348 2536 2563 2606 2638 2656 2713 2727 2881 2900 2942 2971 3048 3063 3209 3251 3288 3310 3426 3571 3605 3637 3642 3711 3721 3722 3779 3808 3894 4005 4198 4243 4441 4504 4510 4568 4580 4597 4606 4632 4657 4666 4709 4771 4794 4798 4828 4850 4992 5025 5030 5130 5212 5280 5304 5347 5491 5554 5588 5680 5683 5769 5896 5909 6130 6153 6216 6370 6373 6390 6391 6398 6447 6537 6622 6653 6747 6829 6951 7058 7085 7118 7239 7341 7491 7514 7703 7764 7912 7960 7996 8047 8105 8110 8220 8243 8253 8349 8398 8443 8624 8824 8876 8972 9131 9152 9270 9368 9434 9467 9474 9496 9516 9619 9640 9698 9877 9900 9905 9956 9975

(ഒപ്പ്) സജിത വി.എസ്., ഡെപ്യൂട്ടി ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് സ്റ്റേറ്റ് ലോട്ടറീസ്, തിരുവനന്തപുരം
വിജയികൾ സമ്മാനാർഹമായ ടിക്കറ്റുകൾ ഒത്തുനോക്കി 30 ദിവസത്തിനുള്ളിൽ ഹാജരാക്കുക.
നറുക്കെടുപ്പ് ഫലം വിശദമായറിയാൻ www.statelottery.kerala.gov.in